**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4540** **19-07-2022 - ൽ മറുപടിയ്ക്ക്**

**റോഡരുകിൽ അപകടകരമായി നിൽക്കുന്ന മരങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | കാഞ്ഞിരപ്പള്ളി മണ്ഡലത്തിലെ ചങ്ങനാശ്ശേരി വാഴൂർ റോഡിൽ കാഴ്ചമറച്ച് അപകടകരമായി നിൽക്കുന്ന എത്ര മരങ്ങൾ മുറിച്ച് മാറ്റണമെന്ന് ആവശ്യപ്പെട്ടാണ് പൊതുമരാമത്ത് വകുപ്പ് കത്ത് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; അതിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (എ) | കാഞ്ഞിരപ്പള്ളി മണ്ഡലത്തിലെ ചങ്ങനാശ്ശേരി വാഴൂർ റോഡിൽ കാഴ്ചമറച്ച് അപകടകരമായി നിൽക്കുന്ന ഒരു മാവും വെള്ളിലാവും മുറിക്കുന്നതിന് 08.10.2021-ൽ പൊതുമരാമത്ത് വകുപ്പ് അപേക്ഷ നൽകിയിട്ടുണ്ട്. ടി അപേക്ഷയിൽ അന്വേഷണം നടത്തി റിപ്പോർട്ട്, ചെയർമാനും മെമ്പർമാരും എൻ.ജി.ഒ പ്രതിനിധികളും ഉൾപ്പെട്ട ട്രീ കമ്മിറ്റി ചർച്ച നടത്തുകയും തുടർന്ന് ട്രീ കമ്മിറ്റി നേരിട്ട് സംയുക്ത സ്ഥല പരിശോധന നടത്തി ടി മരങ്ങൾ അപകട ഭീഷണി ഉയർത്തുന്നില്ല എന്ന് ബോധ്യപ്പെട്ടുകയും ഇത്രയും കാലപ്പഴക്കം ചെന്ന മരങ്ങൾ സംരക്ഷിക്കപ്പെടണമെന്ന് തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട്. എന്നിരുന്നാലും ഭാവിയിൽ ടി മരങ്ങൾ അപകട ഭീഷണി ഉയർത്തുന്ന പക്ഷം വീണ്ടും പരിശോധന നടത്തി ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണെന്ന് തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | പൊതുമരാമത്ത് വകുപ്പ് പ്രസ്തുത കത്ത് നൽകിയ തീയതി വ്യക്തമാക്കാമോ; അതിന് ശേഷം എത്ര ട്രീ കമ്മിറ്റികൾ ചേർന്നിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | 08/10/2021-ലെ കെ-135/15(2) കത്ത് പ്രകാരമാണ് കാഴ്ച മറച്ചു നിൽക്കുന്ന മരങ്ങൾ മുറിക്കുന്നതിനുള്ള അപേക്ഷ പൊതുമരാമത്ത് വകുപ്പ് നൽകിയിരിക്കുന്നത്. അതിനു ശേഷം അടിയന്തിര ട്രീ കമ്മിറ്റി ഉൾപ്പെടെ 9 തവണ കമ്മിറ്റികൾ ചേർന്നിട്ടുണ്ട്. |
| (സി) | മരങ്ങൾ മുറിച്ച് മാറ്റുന്നതിന് അപേക്ഷ നൽകുന്ന വകുപ്പിലെ ഉദ്യോഗസ്ഥർ പ്രസ്തുത ട്രീ കമ്മിറ്റിയിൽ നേരിട്ട് ഹാജരാകണമെന്ന് നിബന്ധനയുണ്ടോ; എങ്കിൽ ഹാജരാകാൻ പൊതുമരാമത്ത് വകുപ്പ് അധികൃതരോട് ആവശ്യപ്പെട്ടിരുന്നോ; എങ്കിൽ ഹാജരാകാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ കത്തുകളുടെ പകർപ്പ് ലഭ്യമാക്കാമോ; | (സി) | 10.02.2010 തീയതിയിലെ സർക്കാർ ഉത്തരവ്(സാധാ.)നമ്പർ 68/2010/വനം, പ്രകാരം മരങ്ങൾ മുറിച്ച് മാറ്റുന്നതിന് അപേക്ഷ നൽകുന്ന വകുപ്പിലെ ഉദ്യോഗസ്ഥർ ട്രീ കമ്മിറ്റിയിൽ ഹാജരാകേണ്ടതില്ല. |
| (ഡി) | അപേക്ഷകരായ പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥർ പ്രസ്തുത യോഗത്തിൽ | (ഡി) | 10.02.2010 തീയതിയിലെ സർക്കാർ ഉത്തരവ്(സാധാ.)നമ്പർ 68/2010/വനം, പ്രകാരം ട്രീ |

| | | | |
|---|---|---|---|
| | ഹാജരായിരുന്നില്ലായെന്ന് ട്രീ കമ്മിറ്റിയംഗം 04.07.2022-ലെ ഒരു ദിനപ്പത്രത്തിൽ പ്രസ്താവിച്ചിരിക്കുന്നതിന്റെ വാസ്തവം എന്താണെന്ന് വ്യക്തമാക്കാമോ; | | കമ്മിറ്റിയിൽ മരങ്ങൾ മുറിച്ച് മാറ്റുന്നതിന് അപേക്ഷ നൽകുന്ന വകുപ്പിലെ ഉദ്യോഗസ്ഥർ പങ്കെടുക്കേണ്ടതില്ല. എന്നാൽ അപകടകരമായ മരങ്ങൾ മുറിക്കുന്ന വേളയിൽ ട്രീ കമ്മിറ്റി നടത്തുന്ന സംയുക്ത സ്ഥലപരിശോധനയിൽ അപകടകരമായ മരങ്ങൾ മുറിച്ച് മാറ്റുന്നതിന് അപേക്ഷ നൽകുന്ന വകുപ്പിലെ ഉദ്യോഗസ്ഥർ പങ്കെടുത്ത് അപകടാവസ്ഥ ട്രീ കമ്മിറ്റിയെ ബോധ്യപ്പെടുത്താവുന്നതാണ്. |
| (ഇ) | ചങ്ങനാശ്ശേരി വാഴൂർ റോഡിൽ മൈലാടിയിൽ നിൽക്കുന്ന ആഞ്ഞിലിമരം മുറിക്കുന്നതിന് അനുമതി നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ? | (ഇ) | കോട്ടയം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അധ്യക്ഷനായ 15.10.2019-ലെ ട്രീ കമ്മിറ്റി തീരുമാന പ്രകാരമാണ് ചങ്ങനാശ്ശേരി വാഴൂർ റോഡിൽ കങ്ങഴ കവലയ്ക്കും മയിലാടിയ്ക്കും മദ്ധ്യേ നിൽക്കുന്ന ആഞ്ഞിലി മരം മുറിക്കേണ്ടതില്ല എന്ന് തീരുമാനിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ